# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6148 08.07.2014-ൽ മറുപടിക്ക്**

**കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും വിവരവിജ്ഞാനീയ സാധ്യതകൾ മുൻനിർത്തി പുനർനിർവചിച്ച് വ്യവസ്ഥ ചെയ്യുകയും പ്രാബല്യപ്പെടുത്തുകയും ചെയ്യാൻ തയ്യാറാകുമോ; | 1. കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളിലും വ്യവസ്ഥകളിലും പ്രധാനപ്പെട്ടവ പുനർ നിർവചിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>2. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് റഗുലേഷനും, KSHB Act and Rule എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ട്.<br>3. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തന മേഖലകൾ വിപുലീകരിക്കുന്നതിന് ബോർഡ് റൂൾസിന് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>4. മത്സ്യബന്ധന വകുപ്പിലെ 1962-ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>5. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടും ഏകോപിപ്പിച്ച് ഏകീകൃത നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>6. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരിച്ച് 01.02.2012 ലെ ജി.ഒ.(പി)13/12/പൊ.മ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി കോഡ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>7. 1972-ലെ ആർക്കിടെക്റ്റ് ആക്റ്റ് അനുസരിച്ച് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുമാരാമത്ത് വകുപ്പിന്റെ കീഴിലുള്ള ആർക്കിടെക്ച്ചറൽ വിഭാഗത്തിലെ ജീവനക്കാരുടെ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിച്ച് പുതിയവയ്ക്ക് രൂപം നൽകി വരികയും ചെയ്യുന്നു.<br>8. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഭേദഗതികൾ പുറപ്പെടുവിച്ചു വരുന്നുണ്ട്.<br>9. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച ചട്ടങ്ങളിൽ കാലാനുസൃത മാറ്റങ്ങൾ ആവശ്യമായവ പരിഷ്ക്കരിച്ച് |

| | | |
|---|---|---|
| | | നടപ്പിലാക്കാറുണ്ട്.<br>10. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട ചില നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നിയമവകുപ്പ് മുഖാന്തിരം സ്വീകരിച്ചുവരുന്നു.<br>11. ചെറുകിട കർഷർക്ക് ചന്ദനം ഒഴികെയുള്ള മരങ്ങൾ അനുവാദം കൂടാതെ മുറിക്കാവുന്ന രീതിയിൽ നിലവിലെ Kerala Promotion of Tree Growth in Non—Forest Areas Act, 2005 -ലെ നിയമം ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>12. പട്ടയം നൽകിയ വനഭൂമി ഉൾപ്പെടെയുള്ള വനഭൂമികളിൽ കൈവശക്കാർ സ്വന്തമായി നട്ടുപിടിപ്പിച്ച മരങ്ങൾ മുറിക്കാൻ ഇപ്പോഴുള്ള തടസ്സം നീക്കിക്കൊണ്ട് Kerala Forest (Preservation, Reproduction and Disposal of Trees and Timber belongings to Government but grown on Lands in the Occupation of Private Persons) Rules 1975 ഭേദഗതി ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ട്.<br>13. കേരള വനംവകുപ്പിൽ 45 വർഷങ്ങളിലേറെയായി പ്രാബല്യത്തിലിരിക്കുന്ന കേരള ഫോറസ്റ്റ് കോഡിലെ വ്യവസ്ഥകൾ ഇപ്പോഴുള്ള സാഹചര്യങ്ങളുടെ വെളിച്ചത്തിൽ പുതുക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>14. Kerala Cattle Tresspass Act, 1961 കാലഹരണപ്പെട്ടിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>15. Kerala Inland Vessels Rule-2010, 06.04.2015 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി)/1/2015/സി.എസ്.ഐ.എൻ പ്രകാരം 09.04.2015 ലെ കേരള ഗസറ്റ് അസാധാരണം നം. 800 പ്രകാരം SRO നം. 209/15 ആയി ഭേദഗതി ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ആവശ്യകതയെ കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളിലും വ്യവസ്ഥകളിലും പ്രധാനപ്പെട്ടവ പുനർ നിർവചിക്കുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | 'എ' പിരിവിൽ പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Pradeep

P.PRADEEP KUMAR
Section Officer
Law Department
Govt. Secretariat